**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1659** **08-10-2021 - ൽ മറുപടിയ്ക്ക്**

**ചൊക്ലി ഗവ. കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ചൊക്ലി ഗവ. കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് കഴിഞ്ഞ അഞ്ച് വർഷത്തിനുളളിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുളളതെന്ന് വ്യക്തമാക്കാമോ ; | (എ) | അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇവയിൽ പൂർത്തിയായവയും പൂർത്തിയാകാത്തവയും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (ബി) | അനുബന്ധമായി ചേർക്കുന്നു. |
| (സി) | പൂർത്തിയാകാത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടിക്രമങ്ങളാണുള്ളത് ; ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ ? | (സി) | പൊതുമരാമത്ത് വകുപ്പിൽ നിന്നും ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്ന മുറക്ക് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. ചൊക്ലി  സർക്കാർ കോളേജിൽ 2015-16 വർഷത്തിൽ സ്ഥലം എം.എൽ.എ ആയിരുന്ന ശ്രീ കോടിയേരി ബാലകൃഷ്ണൻ  അവർകളുടെ പ്രാദേശിക ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 5 കോടി രൂപ ഉപയോഗിച്ച് നിർമ്മിച്ച രണ്ട് നില മെയിൻ ബിൽഡിംങ്ങിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

2. ഇതേ കെട്ടിടത്തിന്റെ ഫ്ലോർ ടൈലിംങ്  ഉൾപ്പെടെയുള്ള ബാക്കി ജോലികൾക്കായി പദ്ധതി 2020-21 വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി 50 ലക്ഷം അനുവദിക്കുകയും പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കപ്പെടുകയും ചെയ്തു.

3. കോളേജ് ആരംഭിച്ച സമയം മുതൽ പ്രവർത്തിച്ചിരുന്ന മദ്രസ കെട്ടിടത്തിൽ നിന്നും  2019 സെപ്തംബർ മാസത്തോടെ കോളേജിന്റെ സ്വന്തം സ്ഥലത്ത് താൽക്കാലികമായി നിർമ്മിച്ച കെട്ടിടത്തിലേക്ക് പ്രവർത്തനം മാറുകയായിരുന്നു.  ഇതിനായി വിവിധ ഘട്ടങ്ങളിലായി 72 ലക്ഷം രൂപ ചിലവഴിച്ച താത്കാലിക കെട്ടിടം പൊതുമരാമത്ത് വകുപ്പ് സജ്ജീകരിക്കുകയായിരുന്നു. [2016-17 (പ്ലാൻ ഫണ്ട്)- ലേഡീസ്  ടോയ് ലറ്റ് നിർമ്മിക്കുന്നതിന് 7 ലക്ഷം  രൂപ ; 2017-18 (പ്ലാൻ ഫണ്ട്) ക്ലാസ് റൂം നിർമ്മിക്കുന്നതിന് 5 ലക്ഷം രൂപ, എം.എൽ.എ ഫണ്ട് 25 ലക്ഷം രൂപ; 2018-19 (പ്ലാൻ ഫണ്ട്) ക്ലാസ് റൂമും ബോയ്സ് ടോയ് ലറ്റ് നിർമ്മിക്കുന്നതിനും കിണർ കുഴിക്കുന്നതിനും വേണ്ടി 35 ലക്ഷം രൂപ )

4. ടി താത്കാലിക കെട്ടിടത്തിന് ത്രീ ഫേസ് വൈദ്യുതി ലഭിക്കുന്നതിനായി എം.എൽ.എ ഫണ്ടിൽ നിന്നും  10 ലക്ഷം രൂപ അനുവദിച്ചിരുന്നു.

5. കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണത്തിനായി 7 കോടി 34 ലക്ഷത്തിന്റെ ഭരണാനുമതി നൽകിയിട്ടുണ്ട്.

6. കിഫ്ബി ഫണ്ട് ഉപയോഗിച്ച് 2 നിലകളുള്ള അക്കാഡമിക് ബ്ലോക്ക് 45 പെൺകുട്ടികൾക്ക് താമസ സൗകര്യമുള്ള വനിതാ ഹോസ്റ്റൽ കാന്റീൻ ബ്ലോക്ക് എന്നിവയുടെ നിർമ്മാണത്തിനായി 10.38 കോടി അനുവദിക്കുകയും 16/02/2021ൽ  പ്രസ്തുത പ്രവൃത്തിയുടെ തറക്കല്ലിടൽ നടക്കുകയും ചെയ്തു.  നിർദ്ദിഷ്ട സ്ഥലത്തിന്റെ മണ്ണ് പരിശോധന അടക്കമുള്ള പ്രാഥമിക പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**